A

702

# സമഗ്രശിക്ഷാ കേരളം
# പാദവാർഷിക മൂല്യനിർണ്ണയം 2024-2025
## മലയാളം
## കേരളപാഠാവലി

ക്ലാസ് : 7

സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. രണ്ടു മുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1** **വായിക്കാം എഴുതാം**

**അമ്മപ്പക്ഷിപോലെ**

നമ്മുടെ വിദ്യാലയമിതു കണ്ടോ,
അമ്മപ്പക്ഷി കണക്കല്ലോ!
അരുമക്കുട്ടികളായിരമുണ്ടേ
ചിറകിന്നടിയിലൊളിച്ചീടാൻ !
ചിക്കിച്ചികയാൻ, വാക്കുകൾ - അക്ഷര-
മുത്തുകൾ കൊത്തിയെടുപ്പാനും:
ഇത്തിരി മഴയും വെയിലും കൊണ്ടീ
മുറ്റത്തൂടെ കളിപ്പാനും;
വായ്ക്കും സ്നേഹത്തോടെത്തമ്മിൽ
കൊക്കുകൾ തമ്മിലുരുമ്മാനും;
കല്ലും മുള്ളും കൂർത്തു കിടക്കേ
മെല്ലെ കാലുകൾ വയ്ക്കാനും;
വേവും ചൂടിലകപ്പെട്ടെന്നാൽ
നോവറിയാതെ നടപ്പാനും
പല പല 'വിദ്യ' കളുണ്ടിവയെല്ലാം
പതിവായ് പക്ഷി പഠിപ്പിക്കും !
പിന്നെയൊരിക്കൽ കുഞ്ഞുങ്ങളെയും
ചുമ്മാ കൊത്തിയകറ്റീടും!........

*രാജഗോപാൽ നാട്ടുകൽ*

1. വിദ്യാലയം ആരെപ്പോലെയാണ്?

(കൂർത്ത കല്ലും മുള്ളും പോലെ, അക്ഷരമുത്തുകൾ പോലെ, പക്ഷിയുടെ കൊക്കുകൾ പോലെ, അമ്മപ്പക്ഷിയെപ്പോലെ)

2. അരുമക്കുട്ടികളെ ചിറകിനടിയിൽ ഒളിപ്പിക്കുന്ന പക്ഷിയായി സങ്കൽപ്പിച്ചിരിക്കുന്നത് ആരെയാണ്?

(മുത്തശ്ശിയെ, വിദ്യാലയത്തെ, വാക്കുകളെ, അമ്മപ്പക്ഷിയെ)

3. കൂർത്തു കിടക്കുന്ന കല്ലും മുള്ളും അർഥമാക്കുന്നത്

(വൈവിധ്യമുള്ള ജീവിത അനുഭവങ്ങൾ, കൊക്കുരുമ്മൽ, ചിറകിനടിയിൽ ഒളിക്കൽ, പറമ്പിലെ കല്ലും മുള്ളും)

4. പലപല 'വിദ്യ'കളുണ്ടിവയെല്ലാം - വിദ്യകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

(കുട്ടികൾക്ക് പകരുന്ന അറിവ്, കളികൾ, ചിക്കിച്ചികയൽ, കള്ളത്തരങ്ങൾ)

5. പക്ഷിക്കുഞ്ഞുങ്ങളെ കൊത്തിയകറ്റുന്നത്

(ഇഷ്ടമില്ലാത്തതുകൊണ്ട്, മുറ്റത്തു കളിക്കാൻ, തുടർ പഠനത്തിന്, അമ്മമാർ പറഞ്ഞിട്ട്)

**പ്രവർത്തനം 2 പോസ്റ്റർ**

*'തിരുവോണപ്പുലരി തൻ*
*തിരുമുൽക്കാഴ്ച കാണാൻ*
*തിരുമുറ്റമണിഞ്ഞൊരുങ്ങീ .....'*

ഓണമെത്തി. നമ്മുടെ സ്കൂളും പൊന്നോണമാഘോഷിക്കാൻ തയ്യാറായി. ഓണാഘോഷത്തിനുള്ള പോസ്റ്റർ തയ്യാറാക്കിയാലോ? ചിത്രങ്ങൾ ചേർത്ത് പോസ്റ്റർ ആകർഷകമാക്കുമല്ലോ?

**പ്രവർത്തനം 3 ശീർഷകത്തിന്റെ ഔചിത്യം**

**(എ) നിറമില്ലാത്ത സ്വപ്നങ്ങൾ**

*പലരും സ്വപ്നം കാണാറുണ്ട്. ലോകത്തെങ്ങുമില്ലാത്ത നിറങ്ങൾ ചാലിച്ച സ്വപ്നങ്ങൾ. ഞാനും കണ്ടിരുന്നു. അച്ഛൻ പോയ രാത്രി മുതൽ ഞാൻ കണ്ട സ്വപ്നങ്ങൾക്ക് നിറമുണ്ടായിരുന്നില്ല. അവ ചിതലരിച്ച് മങ്ങിത്തുടങ്ങിയ പഴയ സ്വപ്നങ്ങളായിരുന്നു. അനാഥമായ ഒരു ബാല്യത്തിന്റെ പ്രതിഫലനങ്ങളായിരുന്നു ആ സ്വപ്നങ്ങളെല്ലാം.*

***ദിയ കെ.***

കഥ വായിച്ചില്ലേ, ശീർഷകത്തിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കൂ.

**(ബി)** കുറിഞ്ഞിച്ചെടിയുടെ കാത്തുകിടപ്പിനെ സൂചിപ്പിക്കുന്നത് എന്ത്?
(നീണ്ടതപസ്, കാഹളമുഴക്കം, കേളികൊട്ട്)

## പ്രവർത്തനം 4 ആസ്വാദനക്കുറിപ്പ്

**(എ)** ഇളം കാറ്റ് തെല്ലൊന്ന് തൊട്ടെന്നു വന്നാൽ ഇഷ്ടമാകാത്തത് ആർക്കാണ്? നീലക്കുറിഞ്ഞികളുടെ മനോഹാരിത നിങ്ങൾ ആസ്വദിച്ചില്ലേ? വള്ളത്തോളിന്റെ ദിനാന്തസഞ്ചാരത്തിലും പ്രകൃതിഭംഗി നാം കണ്ടു. ചുവടെ തന്നിരിക്കുന്ന കവിത വായിക്കൂ.

### കല്യാണമേളം

മരമൊരു വരമെന്നരുളിയതാരെ-
ന്നറിയില്ലെങ്കിലും, അതു സത്യം!
മരമില്ലെങ്കിൽ, വനമില്ലെങ്കിൽ
മനുഷ്യനു ജീവിതവഴി മുട്ടും.
മലനിരയെല്ലാം ഇല്ലാതായാൽ
മഴ കിട്ടാതെ വലയും നാം.
മഴയില്ലെങ്കിൽ, ജലമില്ലെങ്കിൽ
മരുഭൂവാകും ഭൂലോകം!

മരമാണൈശ്വര്യമെന്നറിയാത്ത
മരമണ്ടന്മാരുണ്ടിന്നും!
അപകടകരമാണവരുടെ ചെയ്തികൾ
അതിനെ തടയാൻ ഒന്നിക്കാം.
വിനാശത്തിന്നറുതി വരുത്താം
നട്ടുവളർത്താം മരമെങ്ങും
അവയേകട്ടെ തണലും തണുവും
അവനിക്കിത്തിരി ആശ്വാസം!

***അമൃത, കേളകം***

ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**(ബി)** കാട്ടുപൂക്കളുടെ വർണ്ണവും സുഗന്ധവും ഉണ്ടായിരിക്കുന്നത് ആർക്കാണ്?
(മൈന, പൂമ്പാറ്റ, മിന്നാമിനുങ്ങ്)

## പ്രവർത്തനം 5 യാത്രാവിവരണം

*കാടിനകത്തേയ്ക്ക് ഞങ്ങൾ പ്രവേശിച്ചു. ഇലകൾക്കിടയിലൂടെ സൂര്യൻ ഞങ്ങളെ വരവേറ്റു. പക്ഷികളുടെ പാട്ട് എതിരേറ്റു. കണ്ണിൽ നിറയെ കാനനപ്പച്ച.*

**ഒരു യാത്രാവിവരണത്തിന്റെ തുടക്കം ഇങ്ങനെയാണ്. നിങ്ങൾ ആസ്വദിച്ച യാത്രയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി വിവരണം തയ്യാറാക്കുക.**

**പ്രവർത്തനം 6 വിശകലനക്കുറിപ്പ്**

**(എ)** കവിത വായിക്കൂ.

**എന്താണമ്മേ സ്വാതന്ത്ര്യം?**

ചന്തുവിനുണ്ടൊരു സന്ദേഹം
എന്താണമ്മേ സ്വാതന്ത്ര്യം?
ഉത്തരമൊന്നും ചൊല്ലാതെ
പുഞ്ചിരിതൂവി മാതാവ്
ഓലത്തുമ്പിൽ ചാഞ്ചാടും
ചേലേറുന്നൊരു തത്തമ്മ
ചന്തുവിനുത്തരമെന്നോണം
ഒന്നു ചിലച്ചു ചന്തത്തിൽ
ബന്ധനമില്ലെന്നാകീടിൽ
അതാണു കുഞ്ഞേ, സ്വാതന്ത്ര്യം.

*കെ.കെ.പല്ലശ്ശന*

ഈ കവിതയിലെ ആശയങ്ങളും 'മനസ്സിലെ കിളി' എന്ന പാഠഭാഗത്തിലെ ആശയങ്ങളും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**(ബി)** വിപഞ്ചിതൻ തന്തികളിൽ അദൃശ്യപുഷ്പങ്ങളായ് നിൽക്കുന്നത്?
(ഇന്നലെയവർ പാടിയ ഗാനങ്ങൾ, പോയ് മറഞ്ഞവർ, മുന്തിരി നീര്)